(എഫ്) കാവേരി വിധിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ജലസേചന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിലാണെന്നും അവ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

(ജി) ഇവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഉണ്ട്. കടമൻതോട് ജലസേചന പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും തൊണ്ടാർ പദ്ധതിയെ അനുകൂലിച്ചും എതിർത്തും പരാതികൾ ലഭിച്ചിട്ടുണ്ട്. അട്ടപ്പാടി ജലസേചന പദ്ധതി നടപ്പിലാക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പട്ടിശ്ശേരി അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദഗ്ധർ അടങ്ങിയ ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

അണക്കെട്ടുകളുടെ അറ്റകുറ്റപ്പണികൾ

110(615) ശ്രീ. എൻ. ഷംസീദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ അറ്റകുറ്റപ്പണികൾ ലോകബാങ്ക് സഹായത്തോടെ നടത്താൻ കേന്ദ്ര ജലകമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്രജലകമ്മീഷന്റെ മേൽ നോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP). ഡ്രിപ്പ് ഘട്ടം -1-ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്) മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വാളയാർ,കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ബാരേജുകൾ/റെഗുലേറ്ററുകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ടി പദ്ധതിയിൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭ്രതത്താൻ കെട്ട്) മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 13 ഡാമുകളുടെ പുനരുദ്ധാരണ പണി പൂർത്തീകരിച്ചു. 2021 മാർച്ച് 31-ന് DRIP Phase-I ന്റെ കാലാവധി കഴിഞ്ഞതിനാൽ ബാക്കിയുള്ള 3 ഡാമുകളുടെ പണികൾ DRIP Phase-II ലേയ്ക്ക് ഏറ്റെടുത്ത് നടത്തിവരുന്നു. DRIP Phase-I ന് അനുമതി ലഭിച്ച 327 കോടി രൂപയിൽ 2021 മാർച്ച് 31 വരെ 268.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.\ 2020-2026 കാലയളവിലേയ്ക്കായി DRIP Phase-II-ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, പമ്പ, മംഗലം, മലങ്കര, കാരാപ്പുഴ, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭ്രതത്താൻ കെട്ട്), കല്ലട, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 15 ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടുത്തി 240 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുമുണ്ട്. 2021-22-ൽ 65 കോടി രൂപയുടെ ബഡ്ജറ്റ് ഉണ്ട്. കുറ്റ്യാടി ഡാമിന്റെ ബലപ്പെടുത്തൽ, കാരാപ്പുഴ, മലങ്കര, കാഞ്ഞിരപ്പുഴ, എന്നീ ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തി എന്നിവ ഏറ്റെടുക്കാനുള്ള നടപടി ചെയ്തുവരുന്നു. ശേഷിക്കുന്ന ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ DRIP Phase-II ന്റെ കാലാവധിക്കുള്ളിൽ (2026-ൽ) പൂർത്തീകരിക്കുവാൻ കഴിയും.

(ബി) ഈ അറ്റകുറ്റപ്പണികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്രജല കമ്മീഷന്റെ മേൽ നോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP). ഡ്രിപ്പ് ഘട്ടം-I-ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭ്രതത്താൻ കെട്ട്), മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ബാരേജുകൾ/ റെഗുലേറ്ററുകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ടി പദ്ധതിയിൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി,

പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭ്രതത്താൻ കെട്ട്), മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 13 ഡാമുകളുടെ പുനരുദ്ധാരണ പണി പൂർത്തീകരിച്ചു. 2021 മാർച്ച് 31-ന് DRIP Phase-I ന്റെ കാലാവധി കഴിഞ്ഞതിനാൽ ബാക്കിയുള്ള 3 ഡാമുകളുടെ പണികൾ DRIP Phase-II- ലേയ്ക്ക് ഏറ്റെടുത്ത് നടത്തിവരുന്നു. DRIP Phase-I ന് അനുമതി ലഭിച്ച 327 കോടി രൂപയിൽ 2021 മാർച്ച് 31 വരെ 268.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-2026 കാലയളവിലേയ്ക്കായി DRIP Phase-II വിൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, പമ്പ, മംഗലം, മലങ്കര, കാരാപ്പുഴ, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭ്രതത്താൻ കെട്ട്), കല്ലട, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 15 ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടുത്തി 240 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുമുണ്ട്. 2021-22-ൽ 65 കോടി രൂപയുടെ ബഡ്ജറ്റ് ഉണ്ട്. കുറ്റ്യാടി ഡാമിന്റെ ബലപ്പെടുത്തൽ, കാരാപ്പുഴ, മലങ്കര, കാഞ്ഞിരപ്പുഴ, എന്നീ ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തി എന്നിവ ഏറ്റെടുക്കാനുള്ള നടപടി ചെയ്തുവരുന്നു. ശേഷിക്കുന്ന ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ DRIP Phase-II ന്റെ കാലാവധിക്കുള്ളിൽ (2026-ൽ) പൂർത്തീകരിക്കുവാൻ കഴിയും.

ഡാമുകളുടെ ഫ്ലഡ് മാപ്പും റൂൾ കേർവും

111(616) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ ഡാമുകൾ തുറന്നാൽ ഏതൊക്കെ പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുമെന്നതു സംബന്ധിച്ച വിശദമായ ഫ്ലഡ് മാപ്പ് വകുപ്പിന്റെ കൈവശമുണ്ടോ?

ഉണ്ട്.

(ബി) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾക്ക് റൂൾ കർവ് നിലവിലുണ്ടോ, വിശദാംശങ്ങൾ നൽകാമോ?

ജലവിഭവ വകുപ്പിനുകീഴിൽ വരുന്ന ചിമ്മിനി, കല്ലട, കാഞ്ഞിരപ്പുഴ, മലമ്പുഴ, മംഗലം, നെയ്യാർ, പീച്ചി, കുറ്റ്യാടി, പോത്തുണ്ടി, വാഴാനി, പേപ്പാറ എന്നീ 11 ഡാമുകൾക്ക് റൂൾ കർവ് തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly